**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 409** **01-11-2021 - ൽ മറുപടിയ്ക്ക്**

**സവിശേഷ വിദ്യാഭ്യാസ മേഖലയിലെ നൂതന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. ടി.ഐ.മധുസൂദനൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയുടെ സമഗ്ര വികസനത്തിന് നിലകൊള്ളുന്ന വിദ്യാഭ്യാസ ഗവേഷണ പരിശീലന സ്ഥാപനമെന്ന നിലയിൽ എസ്.സി.ഇ.ആർ.ടി. ഭിന്നശേഷി വിഭാഗങ്ങളുടെ വിദ്യാഭ്യാസ ശാക്തീകരണത്തിന് ആവിഷ്കരിച്ച പദ്ധതികളും പ്രവർത്തനങ്ങളും വിശദമാക്കാമോ; | (എ) | പഠനബുദ്ധിമുട്ടുകൾ, ശാരീരികവും മാനസികവുമായ വെല്ലുവിളികൾ എന്നിവ കാരണം സവിശേഷ വിദ്യാഭ്യാസം ആവശ്യമായി വരുന്ന കുട്ടികൾക്ക് പഠനപിന്തുണ നൽകുകയാണ് സവിശേഷ വിദ്യാലയങ്ങളിലൂടെ പൊതുവിദ്യാഭ്യാസ വകുപ്പ് ചെയ്തുവരുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ വിഭാഗം കുട്ടികളുടെയും അവകാശമായതിനാൽ സവിശേഷ വിദ്യാലയങ്ങളിലെ ബഹുവിധ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ മുഖ്യധാരയിൽ എത്തിക്കുന്നതിനും, പഠന പിന്തുണ നൽകുന്നതിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ശ്രവണപരിമിതർക്കായുള്ള സവിശേഷ വിദ്യാലയങ്ങളിലെ അധ്യാപകർക്കും അനധ്യാപകർക്കും ആംഗ്യഭാഷയിൽ പരിശീലനം നൽകുന്നതിനായി 'മുദ്രികാപാഠം', കാഴ്ചപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി 'ശ്രുതിപാഠം', കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ബുദ്ധിപരിമിതരായ കുട്ടികൾക്ക് പഠന പിന്തുണ നൽകുന്ന 'തേൻകൂട്', കാഴ്ച പരിമിതി നേരിടുന്ന കുട്ടികളുടെ അധ്യാപകർക്ക് 'ശാരദാബ്രെയിൽ റൈറ്റർ' എന്ന സോഫ്റ്റ്വെയറുമായി ബന്ധപ്പെടുത്തി നൽകുന്ന ഓൺലൈൻ അധ്യാപക ശാക്തീകരണ പരിപാടിയായ 'സമീക്ഷ' സവിശേഷ വിദ്യാലയ ങ്ങളിലെ അധ്യാപകർക്ക് വേണ്ടിയുള്ള ഓൺലൈൻ ശാക്തീകരണ പരിപാടിയായ 'ഗണിനിപ്രഭ' സവിശേഷ വിദ്യാലയങ്ങളിൽ പഠിക്കുന്ന ബുദ്ധി പരിമിതിയുള്ള വിദ്യാർത്ഥികളുടെ രക്ഷാകർത്താക്കൾക്കുള്ള ബോധവൽക്കരണ ക്ലാസ്സിന്റെ പരിശീലന മൊഡ്യൂൾ തയ്യാറാക്കുകയും, പ്രധാന അധ്യാപകർക്ക് പരിശീലനം നൽകുകയും |

| | | | |
|---|---|---|---|
| | | | ചെയ്തുവരുന്ന സുരക്ഷ, ബുദ്ധിപരിമിതരായ വിദ്യാർത്ഥികൾക്കുള്ള സവിശേഷ വിദ്യാലയങ്ങളിലെ പ്രീ-പ്രൈമറി തലം മുതൽ പ്രീ-വൊക്കേഷണൽ തലം വരെയുള്ള വിദ്യാർത്ഥികൾക്കായി തയ്യാറാക്കിയ ഏകീകരിച്ച പ്രവർത്തന പാക്കേജായ 'പ്രതിഭാമയി', കോവിഡ്-19ന്റെ പശ്ചാത്തലത്തിൽ ആരംഭിച്ച 'ഫസ്റ്റ്ബെൽ' ക്ലാസ്സുകൾ കാഴ്ച/കേൾവി/ ബുദ്ധി പരിമിതികൾ നേരിടുന്ന കുട്ടികൾക്ക് മനസ്സിലാക്കുവാൻ പ്രയാസം നേരിടുന്ന സാഹചര്യത്തിൽ അവർക്ക് അനായാസമായി ആശയങ്ങൾ മനസ്സിലാക്കുന്നതിനായി 'ജ്യോതിർമയി' എന്ന യൂട്യൂബ് ചാനൽ എന്നിവയാണ് ഭിന്നശേഷി വിഭാഗങ്ങളുടെ വിദ്യാഭ്യാസ ശാക്തീകരണത്തിനായി പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ. കൂടാതെ, കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡിന്റെ സഹകരണ ത്തോടുകൂടി 10,11,12, ക്ലാസുകളിലെ പാഠപുസ്തകങ്ങൾ ഓഡിയോ ടെക്സ്റ്റ് ആക്കി മാറ്റിയിട്ടുണ്ട്. ബ്രയിലി പാഠപുസ്തകങ്ങൾ ലഭ്യമാകാൻ താമസം നേരിടുന്ന കുട്ടികൾക്ക് പ്രയോജനമാണ് ഓഡിയോ ടെക്സ്റ്റുകൾ. |
| (ബി) | സവിശേഷ വിദ്യാഭ്യാസ മേഖലയിൽ പ്രത്യേകമായി നടപ്പാക്കിയ നൂതന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകാമോ; | (ബി) | പഠനബുദ്ധിമുട്ടുകൾ, ശാരീരികവും മാനസികവുമായ വെല്ലുവിളികൾ എന്നിവ കാരണം സവിശേഷ വിദ്യാഭ്യാസം ആവശ്യമായി വരുന്ന കുട്ടികൾക്ക് പഠന പിന്തുണ നൽകുകയാണ് സവിശേഷ വിദ്യാലയങ്ങളിലൂടെ പൊതുവിദ്യാഭ്യാസ വകുപ്പ് ചെയ്തു വരുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ വിഭാഗം കുട്ടികളുടെയും അവകാശമായതിനാൽ സവിശേഷ വിദ്യാലയങ്ങളിലെ ബഹുവിധ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ മുഖ്യധാരയിൽ എത്തിക്കുന്നതിനും, പഠന പിന്തുണ നൽകുന്നതിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ശ്രവണപരിമിതർക്കായുള്ള സവിശേഷ വിദ്യാലയങ്ങളിലെ അധ്യാപകർക്കും അനധ്യാപകർക്കും ആംഗ്യഭാഷയിൽ പരിശീലനം നൽകുന്നതിനായി 'മുദ്രികാപാഠം', കാഴ്ചപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി 'ശ്രുതിപാഠം', കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ബുദ്ധിപരിമിതരായ കുട്ടികൾക്ക് പഠന പിന്തുണ നൽകുന്ന 'തേൻകൂട്', കാഴ്ച പരിമിതി നേരിടുന്ന കുട്ടികളുടെ അധ്യാപകർക്ക് 'ശാരദാബ്രെയിൽ റൈറ്റർ' എന്ന സോഫ്റ്റ്വെയറുമായി ബന്ധപ്പെടുത്തി നൽകുന്ന ഓൺലൈൻ അധ്യാപക ശാക്തീകരണ പരിപാടിയായ 'സമീക്ഷ' സവിശേഷ വിദ്യാലയങ്ങളിലെ അധ്യാപകർക്ക് വേണ്ടിയുള്ള |

| | | | |
|---|---|---|---|
| | | | ഓൺലൈൻ ശാക്തീകരണ പരിപാടിയായ 'ഗണിനിപ്രഭ' സവിശേഷ വിദ്യാലയങ്ങളിൽ പഠിക്കുന്ന ബുദ്ധി പരിമിതിയുള്ള വിദ്യാർത്ഥികളുടെ രക്ഷാകർത്താക്കൾക്കുള്ള ബോധവൽ ക്കരണ ക്ലാസ്സിന്റെ പരിശീലന മൊഡ്യൂൾ തയ്യാറാക്കുകയും, പ്രധാന അധ്യാപകർക്ക് പരിശീലനം നൽകുകയും ചെയ്തുവരുന്ന സുരക്ഷ, ബുദ്ധിപരിമിതരായ വിദ്യാർത്ഥികൾക്കുള്ള സവിശേഷ വിദ്യാലയങ്ങളിലെ പ്രീ-പ്രൈമറി തലം മുതൽ പ്രീ-വൊക്കേഷണൽ തലം വരെയുള്ള വിദ്യാർത്ഥികൾക്കായി തയ്യാറാക്കിയ ഏകീകരിച്ച പ്രവർത്തന പാക്കേജായ 'പ്രതിഭാമയി', കോവിഡ്-19ന്റെ പശ്ചാത്തലത്തിൽ ആരംഭിച്ച 'ഫസ്റ്റ്ബെൽ' ക്ലാസ്സുകൾ കാഴ്ച/കേൾവി/ ബുദ്ധി പരിമിതികൾ നേരിടുന്ന കുട്ടികൾക്ക് മനസ്സിലാക്കുവാൻ പ്രയാസം നേരിടുന്ന സാഹചര്യത്തിൽ അവർക്ക് അനായാസമായി ആശയങ്ങൾ മനസ്സിലാക്കുന്നതിനായി 'ജ്യോതിർമയി' എന്ന യൂട്യൂബ് ചാനൽ എന്നിവയാണ് ഭിന്നശേഷി വിഭാഗങ്ങളുടെ വിദ്യാഭ്യാസ ശാക്തീകരണത്തിനായി പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ. കൂടാതെ, കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡിന്റെ സഹകരണത്തോടുകൂടി 10,11,12, ക്ലാസുകളിലെ പാഠപുസ്തകങ്ങൾ ഓഡിയോ ടെക്സ്റ്റ് ആക്കി മാറ്റിയിട്ടുണ്ട്. ബ്രയിലി പാഠപുസ്തകങ്ങൾ ലഭ്യമാകാൻ താമസം നേരിടുന്ന കുട്ടികൾക്ക് പ്രയോജനമാണ് ഓഡിയോ ടെക്സ്റ്റുകൾ. |
| (സി) | സവിശേഷ വിദ്യാലയങ്ങളിലെ കാഴ്ച, ശ്രവണ പരിമിതി നേരിടുന്നവർക്കായുള്ള പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ; ഇത്തരം സ്കൂളുകളിലെ ഓൺലൈൻ പഠന പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനായി പ്രത്യേകമായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | ശ്രവണപരിമിതർക്കായുള്ള സവിശേഷ വിദ്യാലയങ്ങളിലെ അധ്യാപകർക്കും, അനധ്യാപകർക്കും ആംഗ്യഭാഷയിൽ പരിശീലനം നൽകുന്നതിനായി 'മുദ്രികാപാഠം', കാഴ്ചപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി 'ശ്രുതിപാഠം' എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കോവിഡ്-19ന്റെ പശ്ചാത്തലത്തിൽ ആരംഭിച്ച് 'ഫസ്റ്റ്ബെൽ' ക്ലാസ്സുകൾ കാഴ്ച/കേൾവി/ബുദ്ധി പരിമിതികൾ നേരിടുന്ന കുട്ടികൾക്ക് മനസ്സിലാക്കുവാൻ പ്രയാസം നേരിടുന്ന സാഹചര്യത്തിൽ അവർക്ക് അനായാസമായി ആശയങ്ങൾ മനസ്സിലാക്കുന്നതിനായി 'ജ്യോതിർമയി' എന്ന യൂട്യൂബ് ചാനൽ, സവിശേഷ വിദ്യാലയങ്ങളിലെ അധ്യാപകർക്ക് വേണ്ടിയുള്ള ഓൺലൈൻ ശാക്തീകരണ പരിപാടിയായ 'ഗണിനിപ്രഭ' എന്നീ പദ്ധതികളാണ് സവിശേഷ വിദ്യാലയങ്ങളിലെ ഓൺലൈൻ പഠനപ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനായി നടപ്പിലാക്കി വരുന്നത്. കാഴ്ച, കേൾവി പരിമിതി |

| | | | |
|---|---|---|---|
| | | | നേരിടുന്ന കുട്ടികൾക്കായുള്ള സ്കൂളുകളിലും, ഹൈടെക് പദ്ധതികളും, ഇന്റർനെറ്റ് ലഭ്യതയും നൽകി വരുന്നു. കാഴ്ചപരിമിതിയുള്ള അദ്ധ്യാപകർക്കും പ്രത്യേക ഐ.സി.ടി പരിശീലനം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ